## ഉർദു അദ്ധ്യാപക തസ്തികകൾ

72 (3713) ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്ലസ്ടു കോഴ്സുകൾ അനുവദിച്ചിട്ടുള്ള വിദ്യാലയങ്ങളിൽ എത്ര ഉർദു അദ്ധ്യാപക തസ്തികകൾ ഒഴിഞ്ഞു കിടപ്പുണ്ട് ;

(ബി) പ്രസ്തുത ഒഴിവുകളിലേക്ക് നിയമനം നടത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർക്കാരിന് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ ;

(സി) ഇതിന്മേൽ എന്തു നടപടികൾ സ്വീകരിച്ചു, വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) ഒഴിവുള്ള തസ്തികകളിലേക്ക് നിയമനം നടത്തുന്നതിനുള്ള നടപടികൾ സർക്കാർ കൈക്കൊള്ളുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) ലഭിച്ചിട്ടുണ്ട്.

(സി & ഡി) എയ്ഡഡ് സ്കൂളുകളിൽ ഒഴിവുള്ള തസ്തികകളിൽ അഡ്ഹോക്ക് ബേസിസിൽ നിയമനം നടത്താൻ സുപ്രീം കോടതി അനുവദിച്ചിട്ടുണ്ട്. ഗവൺമെന്റ് സ്കൂളുകളിൽ ഒഴിവുള്ള തസ്തികകളിൽ ഗസ്റ്റ് ലക്ചറർമാരെ നിയമിക്കുന്നതിന് പ്രിൻസിപ്പൽമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## കൊല്ലം ജില്ലയിലെ എൽ.പി./യു.പി. അദ്ധ്യാപക നിയമനത്തിനു വേണ്ടിയുള്ള റാങ്ക് ലിസ്റ്റ്

73 (3714) ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ എൽ. പി./യു.പി. അദ്ധ്യാപക നിയമനത്തിന് വേണ്ടിയുള്ള റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത റാങ്ക്ലിസ്റ്റിൽ നിന്നുള്ള നിയമനത്തിനായി എത്ര ഒഴിവുകൾ പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) പി. എസ്. സി. അഡ്വൈസ് പ്രകാരം എത്ര നിയമനം നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ റാങ്ക് ലിസ്റ്റിൽ നിന്നും അടുത്ത അദ്ധ്യയനവർഷം ഉണ്ടാകുന്ന ഒഴിവുകളും നികത്തുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly